**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1646** **05-07-2022 - ൽ മറുപടിയ്ക്ക്**

**തോടുകൾ നികത്തുന്നവർക്കെതിരെയുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ചെറിയ തോടുകളും ജല ആഗമന നിർഗ്ഗമന മാർഗ്ഗങ്ങളും അനധികൃതമായി കയ്യേറുകയും നികത്തുകയും ചെയ്യുന്നതുമൂലം കൃഷി തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ നെൽവയലുകളും തണ്ണീർത്തടങ്ങളുമായി ബന്ധപ്പെട്ട ചെറിയ തോടുകളും ജല ആഗമന നിർഗമന മാർഗങ്ങളും അനധികൃതമായി കൈയ്യേറുകയും നികത്തുകയും ചെയ്യുന്നതുമൂലം കൃഷി തടസപ്പെടുന്നത് തടയുന്നതിന് 2008 കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ പ്രാദേശിക നിരീക്ഷണ സമിതി പ്രവർത്തിക്കുന്നുണ്ട്. ഈ സമിതിയിൽ മുൻസിപ്പൽ ചെയർമാൻ /ചെയർപേഴ്സൺ / കോർപറേഷൻ മേയർ / പഞ്ചായത്ത് പ്രസിഡന്റ് എന്നിവരുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട കൃഷി ഓഫീസർ, ബന്ധപ്പെട്ട വില്ലേജ് ഓഫീസർ, നെൽകൃഷി മേഖലയിലെ മൂന്ന് കർഷകർ എന്നിവർ ഉൾപ്പെട്ടിട്ടുണ്ട്. അനധികൃതമായി ചെറിയ തോടുകളും ജല ആഗമന-നിർഗമന മാർഗങ്ങളും കൈയ്യേറി നികത്തുന്നവർക്ക് എതിരെ സ്റ്റോപ്പ് മെമ്മോ നൽകാൻ വില്ലേജ് ഓഫീസറിനെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഭൂമി തരംമാറ്റുന്ന അപേക്ഷകളിൽ, ഇത്തരം പ്രദേശങ്ങളിൽ തോടുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ, അത് സ്വാഭാവിക നീരൊഴുക്കിനെ ബാധിക്കുമെങ്കിൽ, പ്രാദേശിക നിരീക്ഷണ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസറാണ് അന്തിമ തീരുമാനം എടുക്കുന്നത്. |
| (ബി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ പെരുവൻവയൽ പാടശേഖരസമിതി കൃഷി ചെയ്യുന്ന 40 ഏക്കറോളം വരുന്ന നെൽവയലിലേക്ക് വെള്ളം എത്തിച്ചേരുന്ന തോട് സ്വകാര്യ വ്യക്തി കയ്യേറി കൈവശസ്ഥലത്തോട് ചേർത്ത് മതിലുകെട്ടിയതിനാൽ കർഷകർക്ക് ഈ വർഷം | (ബി) | ഉണ്ട്. കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ തൃപ്പങ്ങോട്ടൂർ പഞ്ചായത്തിലെ പെരുവൻവയൽ പാടശേഖരത്തിൽപ്പെട്ട മഠപ്പുര താഴെ നെൽവയലിലേക്ക്, വെള്ളം ഒഴുകി വരുന്ന കന്നികുണ്ട് തോടിന്റെ ഏകദേശം 30 മീറ്റർ നീളവും ഒരു മീറ്റർ വീതിയുമുള്ള ഭാഗം മണ്ണിട്ട് വെള്ളത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തുകയും, തോട്ടിൽ കൽകെട്ട് |

| | | | |
|---|---|---|---|
| | കൃഷി ചെയ്യാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | | നിർമ്മിക്കുകയും ചെയ്തിട്ടുള്ളതിനാൽ സമീപത്തെ നെൽ വയലിൽ നെൽ കൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥയിലായത് ബോധിപ്പിച്ചുകൊണ്ട് പെരുവൻ പാടശേഖര സമിതി സെക്രട്ടറി തൃപ്പങ്ങോട്ടൂർ കൃഷി ഓഫീസർക്ക് സമർപ്പിച്ചിട്ടുള്ള പരാതി പരിഗണിച്ചുകൊണ്ട് തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് പ്രാദേശികതല നിരീക്ഷണ സമിതി യോഗം ചേരുകയുണ്ടായി. ഈ പാടശേഖരത്തിൽ മഴയെ ആശ്രയിച്ച് വർഷത്തിൽ ഒരു വിള മാത്രം നെൽകൃഷി ചെയ്തുവരുന്ന സാഹചര്യത്തിൽ നെൽവയലിലേക്ക് മഴക്കാലത്ത് വെള്ളം എത്തിക്കുന്ന തോടിലെ വെള്ളത്തിന്റെ ഒഴുക്ക് തടസപ്പെടുത്തുന്ന തരത്തിൽ കൽകെട്ട് നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നതും കർഷകർക്ക് നെൽകൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥ സംജാതമാകുന്നതും ആണ് എന്ന് സമിതിക്ക് ബോധ്യപ്പെടുകയും ആയതിന്മേൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ച് വരികയുമാണ്. |
| (സി) | പ്രസ്തുത പാടശേഖര സമിതി സെക്രട്ടറി രേഖാമൂലം നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (സി) | ഉണ്ട്. കൂത്തുപറമ്പ് നിയോജക മണ്ഡലത്തിലെ തൃപ്പങ്ങോട്ടൂർ പഞ്ചായത്തിലെ പെരുവൻവയൽ പാടശേഖരത്തിൽപ്പെട്ട മഠപ്പുര താഴെ നെൽവയലിലേക്ക്, വെള്ളം ഒഴുകി വരുന്ന കന്നികുണ്ട് തോടിന്റെ ഏകദേശം 30 മീറ്റർ നീളവും ഒരു മീറ്റർ വീതിയുമുള്ള ഭാഗം മണ്ണിട്ട് വെള്ളത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തുകയും, തോട്ടിൽ കൽകെട്ട് നിർമ്മിക്കുകയും ചെയ്തിട്ടുള്ളതിനാൽ സമീപത്തെ നെൽ വയലിൽ നെൽ കൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥയിലായത് ബോധിപ്പിച്ചുകൊണ്ട് പെരുവൻ പാടശേഖര സമിതി സെക്രട്ടറി തൃപ്പങ്ങോട്ടൂർ കൃഷി ഓഫീസർക്ക് സമർപ്പിച്ചിട്ടുള്ള പരാതി പരിഗണിച്ചുകൊണ്ട് തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് പ്രാദേശികതല നിരീക്ഷണ സമിതി യോഗം ചേരുകയുണ്ടായി. ഈ പാടശേഖരത്തിൽ മഴയെ ആശ്രയിച്ച് വർഷത്തിൽ ഒരു വിള മാത്രം നെൽകൃഷി ചെയ്തുവരുന്ന സാഹചര്യത്തിൽ നെൽവയലിലേക്ക് മഴക്കാലത്ത് വെള്ളം എത്തിക്കുന്ന തോടിലെ വെള്ളത്തിന്റെ ഒഴുക്ക് തടസപ്പെടുത്തുന്ന തരത്തിൽ കൽകെട്ട് നീരൊഴുക്കിനെ തടസ്സപ്പെടുത്തുന്നതും കർഷകർക്ക് നെൽകൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥ സംജാതമാകുന്നതും ആണ് എന്ന് സമിതിക്ക് ബോധ്യപ്പെടുകയും ആയതിന്മേൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ച് വരികയുമാണ്. |

സെക്ഷൻ ഓഫീസർ